# ജി.എച്ച്.എസ്.എസ് പനമരം

# കുക്കീന്



# കുക്കീസ്

എഡിറ്റർ : മുസമ്മിൽ

എഡിറ്റോറിയൽ ബോർഡ് : സൽമാൻ

അഭിനവ്

മുസമ്മിൽ

റോഷൻ

അനശ്രീ

ഫിദ

അർജ്ജുൻ

ആശിർവാദ്

എഡിറ്റോറിയൽ ബോർഡ് അധ്യാപകർ : പ്രിയ ഇ.വി ,സുജാത പി.കെ
സനൽ പി.സി , ജോസ് പൗലോസ്

## താളുകളിലൂടെ

GHSS PANAMARAM......5
കഥ......6
മഹാത്മാഗാന്ധിയുടെ......10
വചനങ്ങൾ......10
പെൺകുട്ടികൾക്കുള്ള ഫുട്ബോൾ പരിശീലനം......11
പ്രളയം......12
ഓണം......14
വന്നപ്പോൾ......14
SSLC ST CAMP......15
2019-20......15
DEO VISIT......15
പമ്പരം......16
പനമരത്തെ പ്രളയം ബാധിച്ചപ്പോൾ......21
വിവിധ ക്ലബുകളുടെ ഉദ്ഘാടനം റിട്ടയേഡ് ശ്രീമതി.ആസ്യടീച്ചർ നിർവഹിക്കുന്നു......22
ലിറ്റിൽ കൈറ്റ് പ്രവർത്തനങ്ങൾ : 2019-20......23
ELECTION WORK......23
ഓണാഘോഷം - ലേഖനം......28
SCHOOL-ART GALLERY......29
DIGITAL POOKKALAM BY......30
SANAL MASTER(DRAWING MASTER)......30
ദൈവത്തിൻറെ വിധി......31
SCHOOL SCIENCE FAIR......34
SCHOOL SPC......35

# സന്ദേശം

വിദ്യാഭ്യാസരംഗത്ത് കുതിച്ചുമാറ്റത്തിന് കാരണമായി പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ് ഗവ .ഹൈസ്കൂൾ പനമരത്ത് അതിന്റെ ജൈത്രയാത്ര തുടരുന്നു .വൈവിധ്യങ്ങളായ വിദ്യാഭാസപ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്ന വിദ്യാർത്ഥികളുടെ ഈ കൂട്ടായ്മ പ്രശംസനീയം തന്നെ. ലിറ്റിൽ കൈറ്റ് 2019-2020 ന്റെ ചരിത്രത്തിൽ ഒരു പൊൻതൂവൽ കൂടി ചാർത്തി പുറത്തിറക്കുന്ന "കുക്കിസ് " ന് ആശംസകൾ നേരുന്നു

ശ്രീ വി മോഹനൻ
ഹെഡ്മാസ്റ്റർ

# GHSS PANAMARAM



കഥ

# അടർന്നുവീണ

# പനിനീർപ്പൂക്കൾ

വിദ്യാലയ കലോത്സവ വേദിയിൽ നാടൻപാട്ട് കെട്ടിക്കയറുകയാണ് എങ്ങും ആരവങ്ങളും കയ്യടികളും മാത്രം.പെൺശരീരവുമായി വേദിയുടെ മുൻപിൽ സ്ഥാനം ഉറപ്പിച്ചപ്പോഴും കരുത്തുറ്റ ഒരാൺകുട്ടിയെപ്പോലെ താളത്തിനൊത്ത് ഒന്നു ചാഞ്ചാടാൻ അവളുടെ മനസ്സ് ആഗ്രഹിക്കാതിരുന്നില്ല. ആഗ്രഹങ്ങളെ മനസ്സിന്റെ ഉൾക്കോണിലടക്കി പുഞ്ചിരിതൂകി ,മിന്നിത്തിളങ്ങുന്ന കുഞ്ഞു മൂക്കുത്തിയുമായി അവളങ്ങനെ തുടർന്നു. അപരിചിതമെന്നപോലെ മാനത്തെ മേഘങ്ങൾ വിതുമ്പാൻ ആഗ്രഹിച്ചുവെന്ന് തോന്നുന്ന നാടൻപാട്ടിന്റെ ഈരടിക്കൊപ്പം മണ്ണിന്റെ പുതുമണമുയർത്തി അവ പെയ്തിറങ്ങി.അപരിചിതമെന്നോണം അവൾ പുസ്തകത്താളുകളിലെ അക്ഷരങ്ങളെ നോക്കികാണുകയായിരുന്നു അടുക്കളയിൽ വിറകെരിഞ്ഞുകൊണ്ടിരുന്ന അതിന്റെ ഗന്ധം പതിവ്

പോലെ മുഷിപ്പ് തോന്നിപ്പിച്ചുകൊണ്ടായിരുന്നു പുറകിലെ തറവാവുവീട്ടിലെ പൂജാമണിയടികൾക്കു പകരം അമ്മയുടെ കാതടപ്പിക്കുന്ന നിലവിളിയായിരുന്നു കാതിൽ പതിഞ്ഞത്. അവളിലുണ്ടായില്ല. നേരം പതിവിലും നേരത്തെതന്നെ പുലർന്നിരിക്കുന്നു. എന്തിനോ ഉള്ള കാത്തിരിപ്പ് പോലെ കാക്കകൾ പിന്നാവുറങ്ങളിലൂടെ ചികഞ്ഞുകൊണ്ടു നടന്നുകൊണ്ടായിരുന്നു. നല്ല നല്ല വാക്കുകൾ കാതിൽ പതിഞ്ഞു മടുത്തപ്പോൾ സങ്കടങ്ങളുടെ മഹാ ആഴത്തിൽ നിന്നുണർന്ന്, അച്ഛന്റെ കരുതലുകളുടെ ഓർമ്മ സമ്മാനങ്ങൾ വിളിച്ച് പറഞ്ഞുകൊണ്ട് അവൾ അലമുറയിട്ടു. ശാന്തി അലയുമായി വളരുന്ന വെള്ളരി പ്രാവിനെ തേടുന്നതുപോലെ,അമ്മയുടെ താരാട്ടുപാട്ടിനുമീതെ അതൊരു അലകടൽ സൃഷ്ടിച്ചു. അമ്മയുടെ പരിഭ്രാന്തി എല്ലാവരിലും ഏകാന്തത ജനിപ്പിച്ചു. പിഞ്ചുകുഞ്ഞിനെ അവളുടെ കയ്യിൽ കൊടുത്ത് അടുത്തയാളെ നിലത്തിരുത്തി അമ്മ തറവാട്ടിൽ എത്തിക്കഴിഞ്ഞിരുന്നു. ഒരു നിമിഷം എങ്ങും ശേഷം വാനോളം ഉയർന്ന കൂട്ടനിലവിളിയും ഉറക്കത്തിന്റെ മയലോക്കം തേടിയ അനുജനെ തൊട്ടിലിൽക്കിടത്തി ശേഷിച്ചയാളുടെ കയ്യിൽ പിടിച്ച് അവളും എത്തി തമ്പാട്ടുവീട്ടിലേക്കു. തന്റെ അച്ഛനെ വീട്ടിലെ നടുമുറിയിൽ

നിവർത്തി കിടത്തിയിരുന്നു. ചുറ്റും കുടുംബക്കാരുടെ ലഹളകളും. ശബ്ദങ്ങളുടെ കോലാഹലങ്ങൾക്കിടയിൽ തന്റെ അനുജന്റെ ഏന്തിപ്പിച്ചിരിക്കുന്ന ശക്തിയേറിയ പിടിത്തം വിട്ടുപോയിരുന്നു. മിണ്ടാനുള്ള ഇന്ദ്രിയങ്ങൾക്കൊന്നും തന്നെ ജീവനുണ്ടായിരുന്നില്ല. നെറ്റിയിൽ തലോടിയ കൈകൾ അനക്കമില്ലാതെ കിടക്കുന്നതുകണ്ടപ്പോൾ കാഴ്ചവസ്തുപോലെ മാറുന്നതായി അവൾക്കു സ്വയം തോന്നി. ആരോടും മിണ്ടാൻ ആഗ്രഹിച്ചില്ല നനഞ്ഞ മണ്ണിലൂടെ നഗ്നപാദങ്ങൾ വേഗം ചലിപ്പിച്ച് പിൻവാതിലെത്തിയപ്പോൾ കാറ്റിന്റെ താളത്തിനൊത്ത് പാറുന്ന അച്ഛന്റെ വസ്ത്രമായിരുന്നു കണ്മുന്നിൽ.അവിടെ നിന്നും വലിച്ചെടുത്ത്  അതിനെ നെഞ്ചോടു ചേർത്ത് പിടിച്ചു കരഞ്ഞപ്പോഴും ആരും കൂടെയുണ്ടെന്ന് തോന്നൽ അവളിലുണ്ടായില്ല. നേരം പതിവിലും നേരത്തെതന്നെ പുലർന്നിരിക്കുന്നു. എന്തിനോ ഉള്ള കാത്തിരിപ്പ് പോലെ കാക്കകൾ പിന്നാമ്പുറങ്ങളിലൂടെ ചികഞ്ഞുകൊണ്ടു നടന്നുകൊണ്ടായിരുന്നു. നല്ല നല്ല വാക്കുകൾ കാതിൽ പതിഞ്ഞു മടുത്തപ്പോൾ സങ്കടങ്ങളുടെ മഹാ ആഴത്തിൽ നിന്നുണർന്ന്, അച്ഛന്റെ കരുതലുകളുടെ ഓർമ്മ സമ്മാനങ്ങൾ വിളിച്ച് പറഞ്ഞുകൊണ്ട് അവൾ അലമുറയിട്ടു. ശാന്തി അലയുമായി വളരുന്ന വെള്ളരി

പ്രാവിനെ തേടുന്നതുപോലെ, അച്ഛൻ പറഞ്ഞതുപോലെ ദൈവത്തിന്റെ കൈകൾ പെയ്തിറങ്ങി. പതിവിരിഞ്ഞ പനിനീർ പൂക്കൾപോലെഉം അടർന്നു വീണുകൊണ്ടേയിരുന്നു

ഐശ്വര്യ തോമസ്

**X1-A**

## മഹാത്മാഗാന്ധിയുടെ

## വചനങ്ങൾ

-"പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക"

-"എന്റെ ജീവിതമാണ് എന്റെ സന്ദേശം"

-"പാപത്തെ വെറുക്കുക പാപിയെ സ്നേഹിക്കുക"

-"കണ്ണിന് കണ്ണ് എന്നാണെങ്കിൽ ലോകം അന്ധതയിലാണ്ടുപോകും"

-"ഇന്ന് ചെയുന്ന പ്രവർത്തിയെ ആശ്രയിച്ചിരിക്കും നമ്മുടെ ഭാവി"

-"സമാധാനത്തിലേക്ക് ഒരു പാതയില്സ് സമാധാനമാണ് പാത"

-"നിങ്ങ;യുടെ വിശ്വാസങ്ങൾ നിങ്ങളിലൂടെ ചിന്തകളാവുന്നു. ചിന്തകൾ വയ്ക്കുകളും വാക്കുകൾ പ്രവർത്തികളും,പ്രവർത്തികൾ മൂല്യങ്ങളാണ് നിങ്ങളുടെ വിധിയാകുന്നത്."

-"ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ"

-"ഞാൻ ഒരു പടയാളിയാണ് സമാധാനത്തിന്റെ പടയാളി"

# പെൺകുട്ടികൾക്കുള്ള ഫുട്ബോൾ പരിശീലനം



# പ്രളയം

പകലെ_ മാഞ്ഞുപ്പോയ്..........

ഇരവെ_ ചാഞ്ഞുപ്പോയ്..........

സൂര്യനില്ലാ ച_നിവല്ലാ............

മൂടികെട്ടിയ ഇരുട്ടുമാത്രം........

അന്നാ രാത്രിയിൽകൊച്ചു......

മയക്കത്തിൽ എൻെറ കാതിന്ന്......

കുളിരെകിയ മഴ ഇന്നിതാ കേൾക്കുന്നോ.....

രായിരം വാർത്തകൾ എൻെറ നെഞ്ചിന്

തേ_ലായ് മാറിടുന്നു.

റോഡുകൾ തോടുകൾ കടലുകളായി.......

കുന്നുകൾ പലതും പൊട്ടിയൊലിച്ചു......

ഉരുളുകൾ പൊട്ടി ഉരുളൻ പാറകൾ.....

വീടും കാടും കല്ലും മരവും ഒന്നയ്.

ചേർന്ന മാഹപ്രറയം.......

കുട്ടതോണിയിൽ എത്തിയ പലരും.....

ജീവനു വേണ്ടി പ്രാർത്ഥനയിലായി.....

ക്യാമ്പുകൾ പലതും തുറന്നു...

ആകാശ വാഹനം ഓടിയെത്തി......

ഒരു പിഞ്ചു കുഞ്ഞിന്

ജീവനേകാൻ കുഞ്ഞു അലറി ഒഴുകിടുന്നു

അന്ന്...........

ജാതി മരിച്ചു.

മതം മരിച്ചു

എല്ലാവരും ഒറ്റക്കെട്ടായി.........

സ്വാതന്ത്രില്ലാതെ വീടുതട_ളിൽ
കെട്ടിയിട്ടല്ലോ പ്രകൃതി നാമ്മ
എഴുപത്തി രണ്ടാം സ്വതന്ത
വേളയിൽ ഞട്ടിവിറച്ചല്ലോ ലോകാഖാകെ
ആധി വളർത്തിയ ഭീകര നാളുകൾ
നിറ കണ്ണുമായി ഒരു കുഞ്ഞു വിട്ടും....
ആറ്റു നോറ്റുട്ടുണ്ടാകിയ വിട്ടുപോലും
അലറി വന്ന മഴ കൊണ്ടുപ്പോയി........

എന്താണി_നെ മഴ താ_വമാടുന്നത്
പ്രകൃതീക്കിനെന്തു പറ്റി
അറിയില്ല
കലി ത്തുള്ളി എന്തിനാണി_നെ പുഴകൾക്ക്
ഭ്രന്ത്യണൊ? അറിയില്ല

# ഓണം

## വന്നപ്പോൾ

**അത്തം വരും വരുമെന്നെരെത്തി**
**ആരുകടാ തരുമെന്നെരെത്തി**
**ഊഞ്ഞാലിടാത്തൊരു കാര്യം നിമിത്തം**
**ഊണിൽ കുറച്ചിവിട്ടുമെന്നൊരുത്തി**
**അതുകേട്ട നിന്നുടൻ**
**കാട്ടിൽച്ചെന്നു വടിവൊത്ത**
**തടിവെട്ടി മിനുമിനുക്കി**
**പെരുത്ത പുളിക്കൊമ്പിലൂഞ്ഞാലിട്ട്**
**ഓടിച്ചെന്നൂഞ്ഞാലിൽ കേറുന്നൊരുത്തി**
**ഓണം കൊള്ളാഞ്ഞു മുറുമുറുത്ത്**
**അരിയൊക്കെ വാരിച്ചിറതുന്നൊര്രുത്തി**
**ആടുന്നൊരുത്തി,പാടുന്നൊരുത്തി**

**അത്തപ്പൂവിട്ടാശ തീർക്കുന്നൊരുത്തി.**

## SSLC ST CAMP

## 2019-20



# DEO VISIT



# പമ്പരം

അപ്പാപ്പന്റെ പഴയ തുരുമ്പെടുത്ത ചെമ്പിച്ച ഫുൾ സൈക്കിൾ , അതിൽ ആഞ്ഞു ചവിട്ടി പായുമ്പോൾ റോഡിനു ഇരുവശമുള്ള ലോകം കറങ്ങുന്നതായി അവന് തോന്നാറുണ്ട്. പരവൂർ ബസ്സ്റ്റാൻഡ് , പൊട്ടന്റെ മിൽ , പുറ്റിങ്ങൽ ആൽമരം. ഗട്ടറുകൾ ചാടിച്ച് കുതിക്കുന്ന ടയറും വീലും, ചുറ്റുപാടും വെട്ടിത്തിരിയുന്ന തലയും ആളുകൾ അവനെ പമ്പരം എന്ന് വിളിച്ചു.

പമ്പരം മൂന്നുതവണ കാറ്റിനനുസരണം കറങ്ങി നാൽക്കവലയിൽ നിന്നു . പമ്പരം മിണ്ടില്ല , കേൾക്കില്ല. പൊട്ടനാണ് പക്ഷെ വട്ടനല്ല. അപ്പാപ്പന്റെ ആലയിലെ ഊർജസ്വലനായ ഉരുക്കാണ് പതിനാല് കൊല്ലമായി കറങ്ങുന്ന പമ്പരം. കറുത്ത് മെലിഞ്ഞ ഒരു പാറയാണ്, വെളുത്ത മെലിഞ്ഞ കൂട്ടുകാരിയോട് പ്രണയം തോന്നി . ആലയിൽ കത്തിക്ക് മൂർച്ച കൂട്ടുമ്പോഴും മുന്നിൽ കത്തുന്ന തീ അവനു അവളുടെ കണ്ണുകളാണ് . കണ്ണിൽ തീ ഉള്ള ആ പെണ്ണ് 7 ബിയിലെ നാല്പതോളം കണ്ണുകളുടെ ആവേശമായിരുന്നു. ശാസ്ത്രം പഠിപ്പിക്കുന്ന തങ്കമണി ടീച്ചർടെ ഭാഷയിൽ മുഖ്യ ആകർഷണ കേന്ദ്രം.
വിദേശമദ്യശാലയ്ക്കരികിലെ ഓട്ടോസ്റ്റാൻഡ് .അവിടെ നിന്ന് അവളുടെ വിടർന്ന തുറിച്ച കണ്ണിലേക്കു നോക്കണം. അവളെങ്ങാനും തിരിച്ചു നോക്കിയാൽ തല വെട്ടിച്ച് സമയം തെറ്റി ഓടിയെത്തുന്ന വി ആൻഡ് എസ് ബസ്സിലേക് ദൃഷ്ടി അയക്കണം. ഒരു നാരങ്ങ സോഡ, ബട്ടർ ബൺ, അപ്പാപ്പന് ഒരുകെട്ട് ബീഡി, ഇത്രയൊക്കയേ ഈ സായംസന്ധ്യയിൽ പമ്പരം ആഗ്രഹിക്കുന്നുള്ളൂ. പമ്പരത്തിന്റെ

സന്തതസഹചാരിയാണ് ആ പോലീസ് വാഹനത്തിന്റെ ടയറിൽ അതിഗംഭീരമായി കാലുപൊക്കി മൂത്രവിസർജനം നടത്തുന്ന ആ ശ്വാനൻ. ആ ജീപ്പും അത് ഓടിയണയുന്ന പോലീസ് സ്റ്റേഷനും ഇനി എനിക്കു സ്വന്തം എന്നാവും വലിയ ലിംഗമുള്ള ആ പുരുഷകേസരി ചിന്തിക്കുന്നത്. തൻ്റെ ഇതര ചിന്തകളെ മൂക്കിൽനിന്നാവാഹിച് വായിലെത്തിച്ചു നിലത്തു കാർക്കിച്ചുതുപ്പിയതും മുതുകിൽ ഒരടിവീണതും ഒന്നിച്ചായിരുന്നു. പമ്പരം തിരിഞ്ഞുനോക്കി, അടുത്ത വീട്ടിലെ അമ്മാവനാണ്. വീടിനോടായി വലിയ പുരയിടമുള്ള, കാറും കോഴിയും, വലിയ ടീവിയും പശുവുമുള്ള എഞ്ചിനീയറിംഗ് വിദ്യാർത്ഥിനിയുടെ പിതാവ്. തൊഴുത്തിലെ ബൾബ് മാറ്റിയിടണം അല്ലെങ്കിൽ ബൾബിന്റെ പ്രശ്നം നോക്കണം, കാരണവർ എന്തൊക്കെയോ പറഞ്ഞൊപ്പിച്ചു, പോയി പണിനോക്കാൻ പമ്പരവും പറഞ്ഞു. വൈകിട്ടത്തെ തലപ്പന്തുകളിയും പന്തൽകുളത്തെ അടിച്ചു തെരിപിച്ചുള്ള കുളിയും ഒഴിവാക്കാൻ പറ്റാത്തതാണ്. എന്നുവരികിലും അമ്മാവന്റെ ഇളയമകളെകുറിച്ചോർത്തപ്പോ നാളെ വരാമെന്നും അടിയന്തിരമായ ഒരത്യാവശ്യമുണ്ടെന്നും ഇനിമേൽ തൻ്റെ മുതുകത്തു അധികാരത്തിൽ ആഞ്ഞടിക്കരുതെന്നും പമ്പരം പറഞ്ഞു, കാരണം ഇത് കാറ്റുണ്ടാക്കി കറങ്ങുന്ന പമ്പരമാണ്. പലരെയും വഴിക്കു കണ്ടു കൈകളും വിരലുകളും പലകുറി സമർസോൾട് അടിച്ചു. സൈക്കിളും പമ്പരവും അതിവേഗം ബഹുദൂരം കറങ്ങി. ചുറ്റും ശബ്ദം, വലിയ ശബ്ദപെട്ടികളിൽ പ്രമുഖ മന്ത്രി നാടിനുവേണ്ടി പ്രസംഗിക്കുന്നു, കൈയ്യടി, പോലീസിന്റെ രാഷ്ട്രീയം പറച്ചിൽ, കാളയെ ചാട്ടവാറിനടിച്ച് ഓടിക്കുന്നതുപോലെ റോയൽ എൻഫീൽഡുകളെ അടിച്ചോടിക്കുന്

യുവകോമാളന്മാർ. ഇതിനെല്ലാമിടയിലൂടെ ചുറ്റിത്തിരിഞ്ഞു വെട്ടികറക്കി പ്രകമ്പനം കൊള്ളിക്കുന്ന പമ്പരത്തിന്റെ സൈക്കിൾബെൽ. അതിനു നൃത്തം വായിച്ച പിന്തുടരുന്ന ശ്വാനൻ. ഒരുവേള സൈക്കിൾ നില്ക്കുന്നു, പമ്പരത്തെ പൊട്ടൻ എന്നുവിളിച്ച ഒരു വട്ടന്റെ പല്ല് വായുവിൽ മലക്കംമറിയുന്നു. വലംകൈയ്യിലെ യോനീവിരൽമുട്ടിൽ നേർത്ത ഒരു പാടോടെ ഓടിപോകാനാഞ്ഞ അഭിമാനത്തെ കീശയിലാക്കി വീണ്ടും കറങ്ങുന്നു .


ചില രാത്രികളിൽ കാറ്റു ഉണ്ടാവാറില്ല, അതാവും പമ്പരം വീട്ടിൽ വിശ്രമം. വലിയ കാറ്റാടിയായി ഉപയോഗമുള്ള എന്തെങ്കിലും ചെയ്യണം, അപ്പാപ്പൻ ഉപദേശിക്കാറുണ്ട് . തനിക്കു ഉപയോഗമില്ലാത്ത ഒന്നുംചെയ്യാറില്ല പമ്പരം, എങ്കിലും കാരണവർ പറയുന്നതെല്ലാം കേട്ട് തലയാട്ടി നാവുനുണഞ്ഞു ഉമിനീരിറക്കി സലാം വയ്ക്കലാണ് പതിവ്, അതിന് കാരണം ശാപ്പാടിന് ശേഷം മദാലസകൾക് കീശയിൽനിന്നും പണം വാരിയെറിയുന്ന ഉത്തരേന്ത്യൻ മാർവാടികളെപോലെ അപ്പാപ്പൻ വച്ചുനീട്ടുന്ന ഒരു ഗ്ലാസ് റം ആണ്. പമ്പരം അപ്പാപ്പനോട് സംസാരിക്കാറുണ്ട്, ചുണ്ടിനും മുൻവശത്തെ പല്ലിനുമിടയിലെ വായുവിൽ എന്തോ രഹസ്യം ഒളിപ്പിച്ച് റം ഇരുകൈകളും നീട്ടി അവൻ ഏറ്റുവാങ്ങും, ശേഷം അപ്പാപ്പൻ നേരെ മുറിയിലേക്കു പോകും . ബാക്കിയുള്ള രണ്ടുഗ്ലാസ്സ് എഴുപതു കഴിഞ്ഞ ഭാര്യക്ക് അവകാശപ്പെട്ടതാണ് . മുറിയുടെ ഒരു വശത്തായി ഒരു മൂങ്ങ വസിക്കുന്നു , മൂങ്ങ ഉണരുമ്പോൾ പമ്പരം ഉറങ്ങുന്നു .

ശുഭം

തടിച്ച വിഷ്ണു പാവത്താനാണ് , എന്നുവരികിലും അസ്ഥാനത്തുള്ള അവൻ്റെ ചില തമാശകൾ പമ്പരത്തിന് പിടിക്കാറില്ല .ആ ഒരു തുള്ളി ഇഷ്ടമില്ലായ്മയാണ് പല്ലായി പെയ്തു നിലത്തു വീണത് . ഇരുവരും സുഹൃത്തുക്കൾ ആയതിനാലും തടിയന് പലപ്പോഴായി പമ്പരത്തിനെ ആവശ്യമുള്ളതിനാലും പല്ലുകേസ് പശ്ചാത്തലത്തിൽ ഒത്തുതീർപ്പാവുന്നു .എന്നാൽ തെറിച്ച പല്ലിന്റെ കഥ അവിടെ അവസാനിക്കുന്നില്ല അത് ശ്വാനന്റെ മൂക്കിനും അവിടെനിന്ന് വായിലേക്കും ഉള്ള ദൂരത്തിൽ അപ്രത്യക്ഷമാവുന്നു . അവനങ്ങനെ നൃത്തം വയ്ച്ച് തുടകളിലെ പേശികളെ മുകളിലേക്കും താഴേക്കും ചലിപ്പിച് ആളൊഴിഞ്ഞ ഒരു ബസ്സിനുള്ളിൽ ആ പല്ല് നിക്ഷേപിക്കുന്നു . ബസ്സിലെ തിക്കിലും തിരക്കിനുമിടയിൽ തൻ്റെ നിതംബത്തിൽ ഒരനാവശ്യ സ്വാതന്ത്ര്യം മുട്ടിയുരുമ്മുന്നതായി മനസ്സിലായ ഒരു ചേച്ചി പൊടുന്നനെ പുളകിതയായെങ്കിലും പെട്ടെന്ന് മനസ്സിലേക്കു ഉരുണ്ടുകയറിയ പലതര മാനാഭിമാന ചിന്തകളാൽ ഒരു പയ്യനെ ചെരിപ്പൂരിയടിക്കുന്നു . ആകെ കോലാഹലം . അതേസമയം ചെരിപ്പിനടിയിലെ വിടവിൽ പറ്റിയിരുന്ന ആ പല്ല് അടിയുടെ ആഘാതത്തിൽ ബസ്സിന് പുറത്തേക്കു പറക്കുന്നു .ഏതോ വിദേശ ശക്തിയുടെ പ്രേരണയിൽ നിഗുഢാലോചനയുടെ ഭാരവുംപേറി ആ പല്ലു യാത്ര തുടരുന്നതായിരിക്കും . എല്ലാവരുടെയും ഇഷ്ടാനിഷ്ടഅനുസരണം ആ പല്ല് ഉത്തരകൊറിയവരെ സഞ്ചരിക്കുന്നതാണ് അപ്പോഴും പമ്പരം കറങ്ങിക്കൊണ്ടിരിക്കും.

Roshan Haneen ,IX G


ആർട്ട് ഗാലറി



അത്തം പത്തോണം

അത്തം ചൂടിയ ചന്തങ്ങളുമായി
അത്തം വന്നു മലനാട്ടിൽ
ചെത്തിപ്പൂവിൻ കുമ്പിളുമായി
ചിത്തിര വന്നു പിന്നാലെ
ചോടുകൾ വെച്ചു താളത്തിൽ
ചോതിയണഞ്ഞു ചന്തത്തിൽ
പുത്തൻ പുടവയണിഞ്ഞെത്തി
മുത്തുകൾ ചൂടിയ വൈശാഖം
അടയും പഴവും നേദിക്കാൻ
അനിഴം വന്നാനഴകോടെ
തൃക്കാക്കരയിലെഴുന്നള്ളാൻ
തൃക്കേട്ടക്കു തിരക്കായി
ഓടക്കുഴലും പീലിയുമായി
മൂലം വന്നു കുഞ്ഞിരിക്കാൻ
പൂക്കൾ തോറും തിരഞ്ഞെത്തി
ഉത്രാടത്തിന്നാമോദം.



# പനമരത്തെ പ്രളയം ബാധിച്ചപ്പോൾ





## വിവിധ ക്ലബുകളുടെ ഉദ്ഘാടനം റിട്ടയേഡ്   ശ്രീമതി.ആസ്യടീച്ചർ നിർവഹിക്കുന്നു





# ലിറ്റിൽ കൈറ്റ് പ്രവർത്തനങ്ങൾ : 2019-20




## ELECTION WORK




ഗവ.ഹയർസെക്കണ്ടറിസ്കൂൾ പനമരം
വയനാട
ആശംസകളോടെ
ലിറ്റിൽകൈറ്റ് & എസ് പി സി
little KITEs
SPC
WE LEARN TO SERVE
SCAN THE QR-CODE
Scanned with CamScanner

# ആശംസാകാർഡ്



അളകനന്ദ അമൃതരാജ് -ജൂനിയർ ഗേൾസ് ഹാമർത്രോ, ഗായത്രി വിജയ്-ജൂനിയർ ഗേൾസ് ഹൈജംപ്, ജിഷ്ണുപ്രിയ-സീനിയർ ഗേൾസ് ഷോട്ട്പുട്ട്, എം ജെ ധന്യ-സീനിയർ 3 കി.മി നടത്തം, മണികണ്ഠൻ- ജൂനിയർ ബോയ്സ് ഹൈജംപ്, വിനോദ് കുമാർ- ജൂനിയർ ബോയ്സ് ജാവലിൻ, വിസ്മയ-ജൂനിയർ ഗേൾസ് 3 കി.മി നടത്തം

## ഫലമറിയാം ലിറ്റിൽ കൈറ്റ്സിലൂടെ

**പനമരം**

കായിക മേളയുടെ ഫലങ്ങൾ അറിയാൻ പനമരം സ്കൂളിലെ വിദ്യാർഥികൾ രൂപപ്പെടുത്തിയ വെബ്സൈറ്റ് സന്ദർശിച്ചാൽ മതി. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ വിദ്യാർഥികൾ തയ്യാറാക്കിയ വെബ്സൈറ്റാണ് മത്സരഫലങ്ങൾ യഥാസമയത്ത് പുറത്തെത്തിക്കുന്നത്. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ അഞ്ച് കുട്ടികൾ ചേർന്നാണ് വെബ്സൈറ്റ് ഒരുക്കിയിരിക്കുന്നത്. www.wayanadschoolsports.blogspot.com ആർക്കും എവിടെനിന്നും സന്ദർശിക്കാൻ കഴിയും. ഇതാദ്യമായാണ് വിദ്യാർഥികൾ സ്കൂൾ മേളക്കായി വെബ്സൈറ്റ് ഒരുക്കുന്നത്. ഒരു ദിവസം കൊണ്ടാണ് സൈറ്റ് നിർമിച്ചത്. സ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർഥികളായ സൽമാൻ, റോഷൻ ഹനീൻ, അഭിനവ് കൃഷ്ണ, സി കെ മുസമ്മിൽ, എസ് ആശിര്വാദ്, സൽമാൻ എന്നിവരാണ് ഈ മുന്നേറ്റത്തിനു പിന്നിൽ. അധ്യാപകരായ ഇ പി പ്രിയ, പി കെ സുജാത, പി സി സോണിയ, നവാസ് എന്നിവർ നിർദേശങ്ങൾ നൽകി

ലിറ്റിൽ കൈറ്റ്സ് ടീം

വേശമായി വിളംബര ജാഥ



## ഓണാഘോഷം - ലേഖനം

ഒരുമയുടെയും സമഭാവനയുടേയും സന്ദേശമാണ് ഓണാഘോഷത്തിന്റെ അകക്കാമ്പ്. കാലത്ത് കേരളം ഭരിച്ചിരുന്ന മാവേലിത്തമ്പുരാൻ വാമനനാൽ പാതാളലോകത്തേക്ക് ചവുട്ടിത്താഴ്ത്തപ്പെട്ടു. ആണ്ടിലൊരിക്കൽ താൻ സ്നേഹിക്കുന്ന തന്റെ പ്രജകളെ കാണാനുള്ള അനുവാദം മാവേലി തമ്പുരാൻ വാമനനോട് വാങ്ങിരുന്നു. അതിൽ പ്രകാരം വർഷം തോറും ചിങ്ങമാസത്തിലെ തിരുവോണനാളിൽ മഹാബലി കേരളത്തിലെ തന്റെ പ്രജകളെ കാണാനെത്തുന്നതാണ് തിരുവോണമാഘോഷിക്കുന്നത ഐതിഹ്യം

കേരളത്തിലെ ജനങ്ങൾ ജാതി ദോമോ ദേശഭേദമോ ഇല്ലാതെ തിരുവോണം ആര്ഭാടപൂർവം ആഘോഷിക്കുന്ന എന്നത് വാസ്തവമാണ്. പൂക്കളം തീർത്തും പുത്തൻ വസ്ത്രങ്ങൾ അണിഞ്ഞും വിഭവസമൃദ്ധമായ സദ്യ ഒരുക്കിയും തിരുവാതിരയും തുമ്പിതുള്ളലും മറ്റു നാടൻ കലകളൊരുക്കിയും ഓണാഘോഷം ആർഭാടമായി കൊണ്ടാടുന്നു. ഓണാഘോഷത്തിൽ പന്തലിയാകാത്ത ഒരു മലയാളി ഭവനവും ഇന്നും ഉണ്ടാവുകയില്ല


കർഷക കേരളത്തിന്റെ ഒരു ദേശിയ ഉത്സവം ഓണാഘോഷം - ലേഖനം

ഒരുമയുടെയും സമഭാവനയുടേയും സന്ദേശമാണ് ഓണാഘോഷത്തിന്റെ അകക്കാമ്പ്. കാലത്ത് കേരളം ഭരിച്ചിരുന്ന മാവേലിത്തമ്പുരാൻ വാമനനാൽ പാതാളലോകത്തേക്ക് ചവുട്ടിത്താഴ്ത്തപ്പെട്ടു. ആണ്ടിലൊരിക്കൽ താൻ സ്നേഹിക്കുന്ന തന്റെ പ്രജകളെ കാണാനുള്ള അനുവാദം മാവേലി തമ്പുരാൻ വാമനനോട് വാങ്ങിരുന്നു. അതിൽ പ്രകാരം വർഷം തോറും ചിങ്ങമാസത്തിലെ തിരുവോണനാളിൽ മഹാബലി കേരളത്തിലെ തന്റെ പ്രജകളെ കാണാനെത്തുന്നതാണ് തിരുവോണമാഘോഷിക്കുന്നത ഐതിഹ്യം

കേരളത്തിലെ ജനങ്ങൾ ജാതി ദോമോ ദേശഭേദമോ ഇല്ലാതെ തിരുവോണം ആര്ഭാടപൂർവം ആഘോഷിക്കുന്ന എന്നത് വാസ്തവമാണ്. പൂക്കളം തീർത്തും പുത്തൻ വസ്ത്രങ്ങൾ അണിഞ്ഞും വിഭവസമൃദ്ധമായ സദ്യ ഒരുക്കിയും തിരുവാതിരയും തുമ്പിതുള്ളലും മറ്റു നാടൻ കലകളൊരുക്കിയും ഓണാഘോഷം ആർഭാടമായി കൊണ്ടാടുന്നു. ഓണാഘോഷത്തിൽ പന്തലിയാകാത്ത ഒരു മലയാളി ഭവനവും ഇന്നും ഉണ്ടാവുകയില്ല

കർഷക കേരളത്തിന്റെ ഒരു ദേശിയ ഉത്സവം കൂടിയാണ് ഓണം. ചിങ്ങകൊയ്ത്ത് കഴിഞ്ഞ് പുനലൂരിയും മറ്റു കർഷക വിളകളും ഈ ആഘോഷത്തിന്റെ മാറ്റുകൂട്ടുക.കേരളത്തിൻറെ തനതു കായിക ആഘോഷമായ വള്ളംകളിയും ഓണാഘോഷത്തിന് പ്രത്യേകതയാണ്. കാല പ്രവാഹത്തിൽ ഓണാഘോഷത്തിന് രീതികൾ മാറ്റിമറിക്കുവാൻ മലയാളികൾ തയ്യാറായിരിക്കുന്നു എന്ന വാസ്തവം മറന്നുകൂടാ. ചിങ്ങ കൃഷി നാമമാത്രമായി ഇരിക്കുന്നു. തമിഴ്നാട്ടിൽ നിന്ന് വരുന്ന പച്ചക്കറികളാണ് മലയാളം നാട്ടിൽ സുലഭമായി ഇരിക്കുന്നത്. ഹോട്ടലുകളിൽ തയ്യാറാക്കുന്ന ഓണസദ്യയാണ് പല ഭാവങ്ങളിലും ഊണ് അലങ്കരിക്കുന്നത് ഉണ്ണാനുള്ള വാഴയില പോലും ഹോട്ടലുകളിൽനിന്ന് എത്തുന്നു . അലസരായി മലയാളികൾ ഓണം ആഘോഷിക്കുന്നത്. അത്തപ്പൂക്കള ത്തിൻറെ പ്രാധാന്യവും പരിപാവനയും നഷ്ടപ്പെട്ടിരിക്കുന്നു. ഉപഭോഗ സംസ്കാരവും അതിൻറെ മത്സരവും ഓണാഘോഷത്തിന് മാറ്റ് കുറിച്ചിരിക്കുന്നു.

# SCHOOL-ART GALLERY



**DIGITAL POOKKALAM BY**

**SANAL MASTER(DRAWING MASTER)**



# ദൈവത്തിൻറെ വിധി

കടന്നു പോകുന്ന ഓരോ മഞ്ഞുകാലവും  നമ്മുടെ വെളിച്ചം ഇക്കി ആയിരുന്നു  കടന്നുപോയത്. അതൊരു കൊച്ചു ഗ്രാമം ആയിരുന്നു അവിടെ ഒരു കൊച്ചുസുന്ദരി ഉണ്ടായിരുന്നു. അവളുടെ  വീട് കൊച്ചു വീട് ആയിരുന്നു അവൾക്ക് അച്ഛൻ ഉണ്ടായിരുന്നില്ല ഇല്ല . കുടുംബം ബാധിത മുഴുവൻ അവളുടെ അമ്മയായിരുന്നു നോക്കുന്നത്. പാലു വാങ്ങാൻ ഉം കടയിലേക്ക് പോകാനും അവൾ ആയിരുന്നു ഉണ്ടായിരുന്നത്. അവളുടെ പേരാണ് ക്രിസ്റ്റി . ഓരോ ദിവസവും കൂടുന്തോറും  മഞ്ഞിന്റെ കാഠിന്യവും കൂടി തുടങ്ങി .ക്രിസ്റ്റിക്ക്  ഒരു കൂട്ടുകാരി പോലും ഉണ്ടായിരുന്നില്ല. അവൾ എല്ലാ സ്ഥലത്തും ഒറ്റപ്പെട്ടു. തൻറെ വിഷമങ്ങൾ എല്ലാം അമ്മയോട് പറയുമായിരുന്നു. അവളുടെ അമ്മയ്ക്ക് എന്തു ചെയ്യാൻ സാധിക്കും. അവളും അമ്മയും സഹായിയായിരുന്നു. അങ്ങനെ ഓരോ ദിവസവും പോകുന്തോറും സങ്കടങ്ങൾ മഞ്ഞുകാലം കടന്നു പോയി.
കോരിച്ചൊരിയുന്ന
മഴവെള്ളം ക്രിസ്റ്റിയുടെ വീടിനെ ആകെ തണുപ്പിച്ചു.ക്ലാസിലെ മിടുക്കി ക്രിസ്റ്റി ആയിരുന്നു. അനു ക്രിസ്റ്റിയുടെ ക്ലാസിലായിരുന്നു. അനു ആ ഗ്രാമത്തിലെ രാജാവിൻറെ മന്ത്രിയുടെ മകളായിരുന്നു. അനു ക്രിസ്റ്റീയ കളിയാക്കും നിനക്ക് അച്ഛൻ ഇല്ലല്ലോ, നല്ല വീട് ഇല്ലല്ലോ. ഇങ്ങനെ പറഞ്ഞു ക്രിസ്റ്റിയുടെ കൊച്ചു ഹൃദയം വേദനിപ്പിക്കും. ഇത് അമ്മയോട് പറഞ്ഞപ്പോൾ " എല്ലാത്തിനും ഒരു ദിവസം വരും. ആ ദിവസത്തിനു വേണ്ടി കാത്തിരിക്കുക. എല്ലാം നല്ല രീതിയിൽ നടക്കും" അമ്മയുടെ വാക്കുകൾ അവൾ അനുസരിച്ചു. ദിവസങ്ങൾ കടന്നു പോയി. ഓണപ്പരീക്ഷ കഴിഞ്ഞു. അവർ മൂന്നാം ക്ലാസിലാണ്. ക്രിസ്റ്റി എന്നും പള്ളിയിൽ പോയി പ്രാർത്ഥിക്കും. എനിക്കും അമ്മയ്ക്കും നല്ലതു വരണമെന്നും അമ്മയെ എനിക്ക് നന്നായി നോക്കാം സാധിക്കണമെന്നും അവൾ

ആഗ്രഹിച്ചു. ദൈവത്തിൻറെ മുൻപിൽ നിഷ്കളങ്കതയോടെ കരഞ്ഞു പറയുമായിരുന്നു. ഓണപ്പരീക്ഷയുടെ പേപ്പർ കിട്ടുന്ന ദിവസം വളരെ അവൾ ഏറെ സന്തോഷത്തിലാണ്. എന്നാൽ അവളുടെ മനസ്സിൽ ഒരു സങ്കടം ഉണ്ട്. തനിക്ക് കളിക്കുവാനും വർത്തമാനം പറയാനും ആരുമില്ലല്ലോ ഞാൻ തനിക്ക് എന്ന ചിന്ത. പരീക്ഷ പേപ്പർ കിട്ടി അവളാണ് ക്ലാസ്സിൽ ഒന്നാമത് അനു എല്ലാത്തിനും ജയിച്ചില്ല. അനുവിന് ക്രിസ്റ്റി യോടുള്ള പകയും ദേഷ്യവും കൂടി വന്നു . ക്രിസ്റ്റി കുത്തുവാക്കുകൾ കൊണ്ട് അനു നോവിക്കും. എന്നാൽ ക്രിസ്റ്റി തിരിച്ചൊന്നും പറയില്ല ഇതെല്ലാം ദൈവം കാണുന്നുണ്ടെന്ന് അവർക്കറിയാം. അമ്മ പറഞ്ഞ വാക്കുകൾ അവൾ ഓർമിക്കും . ഒരു ദിവസം ക്രിസ്റ്റി സ്കൂളിലേക്ക് അമ്മ കൊടുത്തുവിട്ട ചോറും കൊണ്ടു പോയി. അനുച്ചയ്ക്ക് ക്രിസ്റ്റി കൊണ്ടുവന്ന അനു ചോറും മറച്ചു കളഞ്ഞു. എന്നത്തെയും പോലെ ഭക്ഷണം കഴിക്കാൻ നോക്കിയപ്പോൾ ഊണ് കാണുന്നില്ല. അനു അവർക്ക് മനസ്സിലായി. ഇത് ചെയ്തത് അനു തന്നെയാണ് എന്ന്. ഇത് ക്രിസ്റ്റി ടീച്ചറോട് പറഞ്ഞു. ടീച്ചർ അനുവിനെ അടിക്കുകയും ചീത്ത പറയുകയും ചെയ്തു. ക്രിസ്റ്റി ഇതിൽ വളരെ സങ്കടമുണ്ട്. താൻ ഇത്രയും പ്രതീക്ഷിച്ചില്ല എന്ന് ക്രിസ്റ്റീൻ അനുവിനോട് പറഞ്ഞു. അനു ക്രിസ്തീയ അടിച്ചു. ക്രിസ്റ്റീൻ അനുവിനോട് പറഞ്ഞു തന്നെ എന്തിനാണ് അടിക്കുന്നത്. എന്നു പറഞ്ഞപ്പോൾ അനു പറഞ്ഞു എനിക്ക് നിന്നെ ഇഷ്ടമല്ല. നീ ക്രൂരതയാണ് ചെയ്യുന്നത്.വർഷങ്ങൾ കടന്നുപോയി ക്രിസ്റ്റി ഉണ്ടാക്കി നാലാം ക്ലാസിലെത്തി. അവൾ ഒറ്റയ്ക്ക് ബെഞ്ചിൽ ഇരിക്കുമ്പോൾ അവളുടെ അടുത്ത് ഒരു കുട്ടി വന്നു. പറഞ്ഞു ക്രിസ്റ്റി ഇന്നുമുതൽ ഞാൻ നിൻറെ കൂട്ടുകാരി ആണ്. ഇതു കേട്ടപ്പോൾ ക്രിസ്റ്റീയ സന്തോഷമായി. ഇക്കാര്യം അമ്മയോട് പറയാനായി തുള്ളി പോകുമ്പോൾ വീടിനു മുൻപിൽ ഒരു കൂട്ടം ആൾക്കൂട്ടം നോക്കുമ്പോൾ ഇടിഞ്ഞു വീണിരിക്കുന്നു. അല്ല കൂടാതെ അവളുടെ അതിനുള്ളിൽ ഉണ്ടായിരുന്നു. ആ ദിവസം ക്രിസ്തീയ ദൈവത്തിനു മുൻപിൽ വിധിയുടെ മുന്നിലും തോറ്റു പോയിരുന്നു. ഇപ്പോൾ അവൾ തനിച്ചാണ് ആ കൊച്ചു വീട്ടിൽ അമ്മയില്ലാത്ത ആ വീട്ടിൽ അവൾ തണുത്തു വിറച്ചു .ഈ കാര്യം

ഗ്രാമത്തലവൻ അറിഞ്ഞു . ഗ്രാമ തലവനും ഭാര്യക്കും കുട്ടികൾ ഉണ്ടായിരുന്നില്ല. ഇക്കാര്യം അറിഞ്ഞതോടെ രാജാവും ഭാര്യയും ക്രിസ്റ്റിയുടെ അടുത്തുപോയി . എന്നിട്ട പറഞ്ഞു ഞങ്ങൾക്കും മക്കളില്ല ക്രിസ്റ്റികൊച്ചു സുന്ദരിയെ മക്കളായി സ്വീകരിക്കാൻ ഞങ്ങൾക്ക് താല്പര്യമുണ്ട്. ക്രിസ്റ്റി ഞെട്ടി. അവൾക്കു സന്തോഷമായി. അന്ന് ആ ദിവസം അവൾ അമ്മ പറഞ്ഞ വാക്ക് ഓർത്തു. അതിനും ഒരു ദിവസം വരും ആ ദിവസത്തിനായി കാത്തിരിക്കുക. എല്ലാം നല്ല രീതിയിൽ നടക്കും അവൾക്ക് ഒരുപാട് കൂട്ടുകാരിമായി. പിന്നെ ക്രിസ്റ്റി തന്നെ അച്ഛനും അമ്മയ്ക്കും ഒപ്പം കൊട്ടാരത്തിൽ സന്തോഷത്തോടെ ജീവിച്ചു. ഇപ്പോൾ അവൾ തനിച്ചല്ല.......

കൂട്ടുകാരെ , പ്രതിസന്ധികളെ ഭരണം ചെയ്യു അവർക്ക് മാത്രമേ ജീവിതത്തിൽ വിജയം നേടുകയും ഉള്ളൂ. ഇതിനൊരു ഉദാഹരണമാണ് ക്രിസ്റ്റിയുടെ കഥ

**BY**

**Krishnendu. V**

**VIII-B**

# SCHOOL SCIENCE FAIR





# [1]SCHOOL SPC

1